(എഫ്) ആവശ്യമായ ഭരണാനുമതി നൽകി കെട്ടിട നിർമ്മാണം എന്നാരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6-2-2004 ലെ ജി. ഒ. (എം. എസ്.) നം. 5/2004/ഭവനം പ്രകാരം റാന്നി റവന്യൂ ടവർ നിർമ്മിക്കുവാൻ 11-2-2004-ൽ ഭവനനിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) തുകയൊന്നും വകയിരുത്തിയിരുന്നില്ല.

(സി) റാന്നി റവന്യൂ ടവർ നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനുകളും എസ്റ്റിമേറ്റും മറ്റും തയ്യാറാക്കുന്നതിലേക്കായി കോട്ടയത്തെ ആർക്കിടെക്റ്റ് സ്ഥാപനമായ ആൻസൺസ് ഗ്രൂപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) വിശദമായ എസ്റ്റിമേറ്റ് കൺസൾട്ടന്റ് ആർക്കിടെക്റ്റ് സമർപ്പിച്ചിട്ടില്ല. ഭവന നിർമ്മാണ ബോർഡ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സമാഹരിച്ചാണ് റവന്യൂ ടവർ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടില്ല.

(എഫ്) റാന്നി റവന്യൂ ടവറിന്റെ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പാലമേൽ-നൂറനാട് വില്ലേജുകളുടെ സ്കെച്ച്

171. [940] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട പാലമേൽ-നൂറനാട് വില്ലേജുകളുടെ സ്കെച്ചിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) നൂറനാട് പഞ്ചായത്തിലെ കുറച്ച് ഭാഗം അശാസ്ത്രീയമായി പാലമേൽ വില്ലേജിൽ ഉൾപ്പെട്ടുകിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പാലമേൽ വില്ലേജിൽ ഉൾപ്പെട്ട നൂറനാട് പഞ്ചായത്തിലെ പാലമേൽ കിടക്കയം കരകളിൽപ്പെട്ട ഏലിയാസ് നഗർ ഉൾപ്പെട്ട പ്രദേശങ്ങൾ നൂറനാട് വില്ലേജിൽ ഉൾപ്പെടുത്തി ഉത്തരവിറക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടി ക്രമമനുസരിച്ച് ഇത്തരം ഭൂപടങ്ങൾ താലൂക്കാഫീസ് മുഖേനയാണ് ലഭ്യമാക്കേണ്ടത്.

(ബി) ഉണ്ട്.

(സി, ഡി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കാനാവൂ.

റവന്യൂ വകുപ്പിലെ പ്രൊമോഷൻ.

172. [941] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഇപ്പോൾ യഥാസമയം പ്രൊമോഷൻ നടക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) റവന്യൂ വകുപ്പിൽ എച്ച്. സി./ആർ. ഐ./വില്ലേജ് ഓഫീസർമാരുടെ 1-1-2001 മുതൽ 31-12-2003 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) 31-12-2003-ന് ശേഷമുള്ള എച്ച്. സി./ആർ. ഐ./വി. ഒ. മാരുടെ താല്ക്കാലികമോ/സ്ഥിരമോ ആയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ ഡി. പി. സി. കൂടി പ്രൊമോഷൻ നൽകേണ്ട കേഡറിൽ ഒഴികെയുള്ള എല്ലാ കേഡറിലും യഥാസമയം പ്രൊമോഷൻ നൽകിവരുന്നുണ്ട് .

LIBRARY ARCHIVES Kerala Legislative Assembly